(3) ആറ്റിങ്ങൽ കോളേജ് കെട്ടിടത്തിന്റെ പണി

ശ്രീ. പി. വിജയദാസ് :—സർ, ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ പണി സ്തംഭിച്ചിരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. വർഷങ്ങൾക്കുമുമ്പ് രണ്ട് പുതിയ കെട്ടിടത്തിന് അനുമതി നൽകിയതാണ്. ഒരെണ്ണം സയൻസ് ബ്ലോക്ക് ആണ്. മറ്റൊന്ന് ടെൻഡർ വിളിച്ച് പണി ആരംഭിച്ചു. പക്ഷെ പണി ഏറ്റെടുത്ത കരാറുകാർ രണ്ടുപേരും ആ പണി പൂർത്തിയാക്കാത്ത നടപടിയാണുണ്ടായത്. കഴിഞ്ഞ നാലുവർഷമായിട്ട് അതിന്റെ പണി അതുപോലെതന്നെ കിടക്കുകയാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് ഇതിന്റെ പണി ഏറ്റെടുപ്പിച്ചിട്ടുണ്ട്. 17-5-1985-ൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ എഗ്രിമെന്റ് വച്ച് ആ വർക്ക് ഏറ്റെടുത്തു. പക്ഷെ മോബലൈസേഷൻ ഫണ്ട് ലഭിച്ചാൽ മാത്രമേ പണി ആരംഭിക്കാൻ പറ്റുകയുള്ളു. ഇരുപത് ശതമാനം തുകയെങ്കിലും മോബലൈസേഷൻ ഫണ്ട് അനുവദിച്ച് ഇതിന്റെ പണി ആരംഭിക്കുന്നതിന് വിദ്യാഭ്യാസമന്ത്രിയും ധനകാര്യമന്ത്രിയും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം സയൻസ് ബ്ലോക്കിന്റെ പണി ടെൻഡർ വിളിച്ച് അതിന്റെയും പണി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 1975-ൽ തുടങ്ങിയ കോളേജിന് സ്വന്തമായി കെട്ടിടം പണിതിട്ടില്ലെന്നുള്ളത് ശരിയാണ്. 1977-ൽ 44.15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. പിന്നീട് അത് ഏറ്റെടുത്ത കോൺട്രാക്ടർ പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 1980-ൽ വീണ്ടും മറ്റൊരു ഭരണാനുമതി നൽകി. 45.44 ലക്ഷം രൂപയ്ക്ക് വീണ്ടും പണി നടത്താനുള്ള ശ്രമം നടത്തുകയുണ്ടായി. പക്ഷേ ആ കരാറിൽ പണി ഏറ്റെടുക്കുന്നതിന് കരാറുകാർ ആരും മുന്നോട്ടുവരാത്ത സാഹചര്യത്തിലാണ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഈ ജോലി ഏൽപ്പിച്ചത്. 19-2-1985-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. രണ്ടുമൂന്ന് കാര്യങ്ങളാണ് പറഞ്ഞിരുന്നത്. എസ്റ്റിമേറ്റ് തുകയുടെ 90 ശതമാനം കൂടുതലായിട്ടാണ് ജോലി അവാർഡ് ചെയ്യുന്നത്. പണി പന്ത്രണ്ട് മാസത്തിനകം തീർക്കണം. അതിനിടയിൽ ഉണ്ടാകുന്ന വർദ്ധനവൊന്നും അനുവദിക്കുകയില്ല. പത്തുശതമാനം പലിശയില്ലാത്ത മോബലൈസേഷൻ അഡ്വാൻസ് നൽകും. ഈ വ്യവസ്ഥയിലാണ് അവർക്ക് കൊടുത്തത്. അതിനുശേഷം കോൺട്രാക്ടർ തുകയുടെ 90 ശതമാനം വർദ്ധനവും 20 ശതമാനം അഡ്വാൻസും നൽകിയാൽ മാത്രമേ പണി ഏറ്റെടുക്കാൻ പറ്റുകയുള്ളുവെന്നാണ് അറിയിച്ചിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോർപ്പറേഷനിൽനിന്നുള്ള മറുപടി കിട്ടിയതിനുശേഷം അടിയന്തിര നടപടി സ്വീകരിക്കാം. കഴിയുന്നതും ഒരുവർഷത്തിനുള്ളിൽ ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) കൈത്തറി വികസന കോർപ്പറേഷൻ, മിൽത്തുണി വാങ്ങി വ്യാപാരം നടത്തുന്നുവെന്ന് ആക്ഷേപം

ശ്രീ. കെ. ടി. കുമാരൻ: ലക്ഷക്കണക്കിന് കൈത്തറി തൊഴിലാളികളേയും ആ വ്യവസായത്തേയും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്. കണ്ണൂരിലെ ഹാൻഡ്ലൂം

LIBRARY ARCHIVES Kerala Legislative Assembly